**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **18-09-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ തെരഞ്ഞെടുക്കപ്പെട്ട കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കാലാവധി പൂർത്തിയായത് എപ്പോഴാണെന്നും അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2019 ഏപ്രിലിൽ തെരഞ്ഞെടുത്ത ഭരണസമിതി അംഗങ്ങൾ കാലാവധി പൂർത്തിയാകും മുമ്പ് 06.02.2023 ന് രാജിവച്ച് ഒഴിയുകയുണ്ടായി. തുടർന്ന് സർക്കാർ നാമനിർദ്ദേശം ചെയ്ത ഭരണ സമിതി ചുമതലയേൽക്കുകയുണ്ടായി. നിലവിൽ ടി ഭരണ സമിതി തുടർന്ന് വരുന്നു. നിലവിലെ ഭരണ സമിതി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. യു. ഷറഫലി, പ്രസിഡന്റ്<br><br>2. ശ്രീ. എം. ആർ. രഞ്ജിത്ത്, വൈസ് പ്രസിഡന്റ്<br><br>3. ശ്രീ. വി.കെ. സനോജ്, അംഗം<br><br>4. ശ്രീ. ഗോപൻ ജെ. എസ്., അംഗം<br><br>5. ശ്രീമതി. രഞ്ജു സുരേഷ്, അംഗം<br><br>6. ശ്രീമതി. കെ. സി. ലേഖ, അംഗം<br><br>7. ശ്രീ. ബാബു പി. ഐ., അംഗം<br><br>8. ശ്രീ. സി. കെ. വിനീത്, അംഗം<br><br>9. ശ്രീ. എ. ശ്രീകുമാർ, അംഗം<br><br>10. സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്, അംഗം<br><br>11. സെക്രട്ടറി, ധനകാര്യ *(എക്സ്പെൻഡിച്ചർ)* വകുപ്പ്, അംഗം<br><br>12. ഡയറക്ടർ, കായികയുവജനകാര്യാലയം, അംഗം<br><br>13. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, അംഗം |

| | | | |
|---|---|---|---|
| | | | 14. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, അംഗം |
| (ബി) | പ്രസ്തുത കൗൺസിലിന്റെ ഭരണ സമിതിക്ക് കാലാവധി നീട്ടുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ? എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കേരള സ്പോർട്സ് ആക്റ്റ് 2000 വകുപ്പ് 3(7) പ്രകാരം സ്പോർട്സ് കൗൺസിലിലെ എക്സ് ഓഫീഷ്യോ അംഗങ്ങൾ അല്ലാത്ത ഓരോ അംഗവും അടുത്ത പുന:സംഘടനവരെ തുടരുന്നതാണ്. പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും കാലാവധി വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായിട്ടും തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കേരള സ്പോർട്സ് ആക്റ്റ് 2000 വകുപ്പ് 3(7) പ്രകാരം സ്പോർട്സ് കൗൺസിലിലെ എക്സ് ഓഫീഷ്യോ അംഗങ്ങൾ അല്ലാത്ത ഓരോ അംഗവും അടുത്ത പുന:സംഘടനവരെ തുടരുന്നതാണ്. പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ